4. ഇ-മാലിന്യങ്ങൾ ശാസ്ത്രീയമായി ശേഖരിച്ച് കേന്ദ്ര-സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളുടെ സാക്ഷ്യപത്രമുള്ള റീ-സൈക്ലിംഗ് ഏജൻസികളിലൂടെ നിർമ്മാർജ്ജനം ചെയ്യുക

5. മാലിന്യ സംസ്കരണത്തിന് നൂതന സാങ്കേതിക വിദ്യയായ പ്ലാസ്മാ ഗ്യാസിഫിക്കേഷൻ ഉപയോഗിച്ചുള്ള പ്ലാന്റ് കൊച്ചിയിൽ സ്ഥാപിക്കുന്ന പദ്ധതി

6. പ്രതിദിനം 50 ടൺ വരെ മാലിന്യങ്ങൾ ഉണ്ടാകുന്ന നഗരങ്ങളിൽ സി.എൻ.ജി. (കംപ്രസ്ഡ് നാച്ചുറൽ ഗ്യാസ്) ബോട്ടിലിംഗ് പ്ലാന്റുകൾ സ്ഥാപിച്ച് ബയോഗ്യാസ് സിലിണ്ടറുകളിൽ ശേഖരിച്ച് ഗാർഹിക-വ്യാവസായിക ആവശ്യത്തിന് ഉപയോഗിക്കുന്ന പദ്ധതി

7. എല്ലാ ജില്ലകളിലും സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുക

(സി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സർക്കാർ വിവിധ തലങ്ങളിൽ അവലോകനം നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

നഗരങ്ങൾ സ്മാർട്ടാക്കുന്ന കേന്ദ്ര പദ്ധതി

110 (4145) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസർക്കാർ ആവിഷ്കരിക്കുന്ന നഗരങ്ങൾ സ്മാർട്ടാക്കുന്ന പദ്ധതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ?

(ബി) പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട നഗരങ്ങളെ സംബന്ധിച്ച് സാധ്യതാപഠനം നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ?

(സി) പദ്ധതിയിൽ സംസ്ഥാനത്തെ ഉൾപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഭാരതത്തിലെ നൂറ് നഗരങ്ങളെ സ്മാർട്ട് സിറ്റികളായി വികസിപ്പിക്കുന്ന സ്മാർട്ട്സിറ്റി മിഷൻ എന്ന പദ്ധതിക്ക് 2015 ജൂൺ 25-ാം തീയതി ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഔദ്യോഗികമായി തുടക്കം കുറിച്ചിരിക്കുന്നു. നഗരജനസംഖ്യയുടെയും നിലവിലുള്ള നഗരങ്ങളുടെ എണ്ണത്തിന്റെയും അടിസ്ഥാനത്തിൽ കേരളത്തിലെ ഒരു നഗരത്തെയാണ് സ്മാർട്ട് സിറ്റി മിഷൻ പദ്ധതിയിൻകീഴിൽ നിലവിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) സ്മാർട്ട് സിറ്റി മിഷൻ പദ്ധതിയിൻകീഴിൽ ഉൾപ്പെടുത്താൻ യോഗ്യതയുള്ള പട്ടണങ്ങളുടെ ഒരു കരട്ലിസ്റ്റ് തയ്യാറാക്കുന്നതിന് കേന്ദ്ര നഗരകാര്യ വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച സാദ്ധ്യതാ പഠനങ്ങളൊന്നും നിലവിൽ നടത്തിയിട്ടില്ല.

(സി) പദ്ധതിയിൽ സംസ്ഥാനത്തെ ഇതിനകം ഉൾപ്പെടുത്തിയിട്ടുണ്ട്.

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

111 (4146) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി പ്രകാരം മാവേലിക്കര നഗരസഭയിൽ എത്ര കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഇതിൽ എത്ര കുടുംബങ്ങൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷം തൊഴിൽ നൽകിയെന്ന് വ്യക്തമാക്കുമോ ;

(ഡി) അയ്യങ്കാളി തൊഴിലുറപ്പുപദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) 2012-13, 2013-14, 2014-15 വർഷങ്ങളിൽ പ്രസ്തുത പദ്ധതി മുഖേന നൽകിയ തൊഴിലിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) മാവേലിക്കര നഗരസഭയിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പ്രകാരം 1058 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തവരിൽ 13 പുരുഷൻമാരും 599 സ്ത്രീകളും ആണ്. ഇതിൽ എസ്.സി./എസ്.റ്റി. വിഭാഗത്തിലുള്ള 285 പേരും ജനറൽ വിഭാഗത്തിൽ 202 പേരും മറ്റു വിഭാഗത്തിൽപ്പെടുന്ന 125 പേരും ഉൾപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly